# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4857 05/02/2014- ൽ മറുപടിക്ക്**

മണലൂർ നിയോജകമണ്ഡലത്തിലെ താറാവ് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ മാധവൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) മണലൂർ നിയോജക മണ്ഡലത്തിലെ അരിമ്പൂര് ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ കാലവർഷത്തോടെ വൻതോതിൽ താറാവുകൾ രോഗം മൂലം മരിച്ചതിനാൽ നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത കർഷകർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും<br><br>ദുരന്ത നിവാരണ ഫണ്ടിൽ നിന്നും നഷ്ട പരിഹാരം നൽകുന്നതിനുള്ള റവന്യൂ വകുപ്പിന്റെ മാനദണ്ഡപ്രകാരം കോഴിക്കർഷകർക്ക് നൽകാവുന്ന നഷ്ടപരിഹാരം കോഴി ഒന്നിന് 37/- രൂപ നിരക്കിൽ പരമാവധി 400/- രൂപ മാത്രമാണ്.<br>കോഴി/താറാവ് എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമല്ല. അതിനാൽ കോഴി/താറാവ് എന്നിവ കൂട്ടത്തോടെ ചത്തൊടുങ്ങുമ്പോൾ കർഷകർക്ക് അർഹതപ്പെട്ട നഷ്ട പരിഹാരം നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതിനാൽ മൃഗസംരക്ഷണ വകുപ്പിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നും കോഴി/ താറാവ് കർഷകർക്ക് കൂടുതൽ തുക നഷ്ടപരിഹാരം നൽകാൻ കഴിയുന്ന വിധത്തിൽ ഒരു മാനദണ്ഡം നിശ്ചയിച്ച് കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ